# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

(വെബ് എഡീഷൻ മാത്രം)

2006 നവംബർ 20

## മാർ തേയോഫിലോസിനെ അങ്കമാലിയിൽ നിയമിക്കണമെന്ന്!

**അൽമായവേദി ന്യൂസ് സർവീസ്**

കോട്ടയം: മലബാർ ഭദ്രാസന സഹായ മെത്രാപ്പോലീത്താ സഖറിയാ മാർ തേയോഫിലോസിനെ അങ്കമാലി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി നിയമിക്കണമെന്ന് അങ്കമാലിയിൽ നിന്നുള്ള രണ്ടു വർക്കിംഗ് കമ്മറ്റിയംഗങ്ങൾ കഴിഞ്ഞ വർക്കിംഗ് കമ്മറ്റിയിൽ വിചിത്രമായ ഒരു ആവശ്യം ഉന്നയിച്ചു.

2006 ൽ വാഴിക്കപ്പെട്ടതിനെ തുടർന്ന് മാർ തേയോഫിലോസിനെ അങ്കമാലിയിൽ നിയമിക്കുവാൻ മണ്ണാറപ്രായിൽ കോർ എപ്പിസ്കോപ്പായുടെ നേതൃത്വത്തിൽ ശക്തമായ ചരടുവലികൾ നടത്തിയിരുന്നു. എന്നാൽ പ. മാത്യൂസ് ദ്വിതീയൻ ബാവായും അന്നത്തെ നിയുക്ത കാതോലിക്കായായ ഇപ്പോഴത്തെ പ. ബാവായും വിസമ്മതിക്കുകയും മാനേജിംഗ് കമ്മറ്റി അംഗീകരിക്കാതിരിക്കുകയും ചെയ്തതോടെ ഈ നീക്കം പൊളിയുകയായിരുന്നു. തുടർന്ന് മാർ തേയോഫിലോസിനെ മലബാറിന്റെ സഹായ മെത്രാനായി നിയമിച്ചു. മലബാറിന്റെ മെത്രാപ്പോലീത്താ ആയിരുന്ന മാർ തീമോത്തിയോസ് കാതോലിക്കായായി വാഴിക്കപ്പെട്ടതിനെ തുടർന്ന് മാർ തേയോഫിലോസിന് പൂർണ ചുമതല നൽകാൻ മാനേജിംഗ് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. അടുത്തു നടക്കുന്ന എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിക്കുന്നതോടെ നിയമന കല്പന പുറപ്പെടുവിക്കുകയും സുന്ത്രോണീസോ നടത്തുകയും ചെയ്യും.

ഈ സാഹചര്യത്തിൽ മാർ തെയോഫിലോസിനെ അങ്കമാലിയിൽ നിയമിക്കണമെന്നുള്ള ആവശ്യത്തിനു പിന്നിൽ ദുർലക്ഷ്യങ്ങളുള്ളതായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇപ്പോൾ അങ്കമാലി ഭദ്രാസന ഭരണം നടത്തുന്ന പ. കാതോലിക്കാ ബാവായുടെ ഭരണത്തിൽ അസംതൃപ്തരായ അഴിമതിവീരന്മാരും വിഭജനവാദികളുമാണ് ഈ നീക്കത്തിനു പിന്നിൽ.

ആറു മാസക്കാലമായി മലബാർ ഭദ്രാസനത്തിൽ പ്രവേശിക്കാതെ വിദേശപര്യടനം നടത്തുന്ന മാർ തേയോഫിലോസ് അങ്കമാലിയുടെ മെത്രാപ്പോലീത്തായാവുന്നപക്ഷം അദ്ദേഹം തുടർന്നും വിദേശപര്യടനം നടത്തിക്കൊള്ളുമെന്നും മുൻകാലത്തേതുപോലെ തങ്ങളുടെ പിൻവാതിൽ ഭരണം സുഗമമായി നടത്താമെന്നുമാണത്രെ ഇവരുടെ കണക്കുകൂട്ടൽ. അങ്കമാലിയിൽ നിലവിലുള്ള ഭരണ സംവിധാനത്തിൽ വിഭജിച്ചു പിരിയുക എന്ന ചില സ്ഥാനികളുടെ ലക്ഷ്യം നടപ്പാകില്ല എന്ന ഭയവും ഈ നീക്കത്തിനു പിമ്പിലുണ്ട്.

## ഒന്നുകിൽ രാജി അല്ലെങ്കിൽ തൊണ്ണൂറ്റിമൂന്നാം വകുപ്പ്

**അൽമായവേദി ന്യൂസ് സർവീസ്**

കോട്ടയം: പുതിയ അൽമായട്രസ്റ്റിയെ തെരഞ്ഞെടുക്കാൻ വർക്കിംഗ് കമ്മറ്റി ശുപാർശ ചെയ്തതോടെ നിലവിലുള്ള ട്രസ്റ്റി പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര പുറത്താകുമെന്ന് ഉറപ്പായി. നിശ്ചിത സമയത്തിനുള്ളിൽ അദ്ദേഹം രാജി സമർപ്പിക്കാത്തപക്ഷം ഭരണഘടനയുടെ തൊണ്ണൂറ്റിമൂന്നാം വകുപ്പുപ്രകാരം നീക്കം ചെയ്ത് പുതിയ ട്രസ്റ്റിയെ തെരഞ്ഞെടുക്കേണ്ടി വരും.

1980-ൽ അൽമായട്രസ്റ്റി സ്ഥാനത്തേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടപ്പോൾ താൻ അഞ്ചു വർഷം മാത്രമേ സ്ഥാനത്തു തുടരൂ എന്ന് പി. സി. ഏബ്രഹാം പരസ്യമായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ കാൽനൂറ്റാണ്ടു പിന്നിട്ടിട്ടും സ്ഥാനമൊഴിയാൻ കൂട്ടാക്കാതിരുന്ന ഇദ്ദേഹത്തിന്റെ നടപടി കടുത്ത വിമർശനത്തിന് ഇടയാക്കിയിരുന്നു. 1995-ലെ സുപ്രീംകോടതി വിധിയെത്തുടർന്നുണ്ടായ സംഭവങ്ങൾ പി. സി. ഏബ്രഹാമിനോടുള്ള എതിർപ്പിന് ആക്കം കൂട്ടി.

മലങ്കരസഭയുടെ ചരിത്രത്തിൽ ഒരു പ്രാവശ്യം മാത്രമാണ് കൂട്ടുട്രസ്റ്റിമാരെ നീക്കംചെയ്തിരിക്കുന്നത്. 1911-ൽ പഴയസെമിനാരിയിൽ കൂടിയ അസോസിയേഷൻ കൂട്ടുട്രസ്റ്റിമാരായ കോനാട്ടു മാത്തൻ മല്പാൻ, സി. ജെ. കുര്യൻ എന്നിവരെ മാറ്റി പകരം പാലപ്പള്ളിൽ മാണി പൗലൂസ് കത്തനാരെയും, ചിറക്കടവിൽ കോരുള കൊച്ചുകോരുളയെയും തെരഞ്ഞെടുത്തിരുന്നു. പിൽക്കാലത്ത് വൈദികട്രസ്റ്റിമാരായ മണലിൽ യാക്കോബ് കത്തനാർ 1965-ലും തെങ്ങുംതോട്ടത്തിൽ ടി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പാ 1982 ലും രാജിവച്ചു.

തൊണ്ണൂറ്റിമൂന്നാം വകുപ്പു ഉപയോഗിക്കേണ്ടിവരുന്ന പക്ഷം നോട്ടീസുകൽപ്പനയിലും അസോസിയേഷൻ മിനിട്സിലും പുതിയ ട്രസ്റ്റിയുടെ നിയമനകല്പനയിലും പഴയ ട്രസ്റ്റിയെ ടി. വകുപ്പുപ്രകാരം നീക്കം ചെയ്തതായി രേഖപ്പെടുത്തണമെന്ന് നിയമവിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു.

## അസോസിയേഷൻ മെയ് 15 ന്; രണ്ടു ട്രസ്റ്റിമാരേയും തെരഞ്ഞെടുക്കും

കോട്ടയം: പുതിയ അസോസിയേഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ നവം. 9 നു ചേർന്ന വർക്കിംഗ് കമ്മറ്റി ശുപാർശ ചെയ്തു. മെയ് 15 നു പരുമലയിലാണ് പുതിയ അസോസിയേഷൻ ചേരുന്നത്. സുപ്രീംകോടതി വിധിപ്രകാരം 2007 മാർച്ച് 20 ന് അസോസിയേഷന്റെ കാലാവധി അവസാനിക്കുന്നതിനാലാണ് പുതിയ അസോസിയേഷൻ വിളിച്ചു ചേർക്കുന്നത്. തീയതിയുടെ കാര്യത്തിൽ സഭയുടെ ലീഗൽ സെല്ലിന്റെ നിർദ്ദേശപ്രകാരം മാറ്റം വരാം.

വൈദികട്രസ്റ്റി ഫാ. ഡോ. ഒ. തോമസ്, അൽമായട്രസ്റ്റി പി. സി. ഏബ്രഹാം എന്നിവർക്കു പകരം പുതിയ കൂട്ടുട്രസ്റ്റിമാരെ തെരഞ്ഞെടുക്കാനും വർക്കിംഗ് കമ്മറ്റി ശുപാർശ ചെയ്തിട്ടുണ്ട്. നവംബർ 23 ന് നടക്കുന്ന മാനേജിംഗ് കമ്മറ്റിയെ തുടർന്ന് അസോസിയേഷൻ പ്രസിഡന്റായ പ. കാതോലിക്കാബാവാ നോട്ടീസ് കല്പന പുറപ്പെടുവിക്കും. ചൂടുപിടിച്ച ചർച്ചകൾക്കൊടുവിലാണ് കൂട്ടുട്രസ്റ്റിമാരുടെ തെരഞ്ഞെടുപ്പിന് വർക്കിംഗ് കമ്മറ്റി ശുപാർശ ചെയ്തത്. ഫാ. ഡോ. ഒ. തോമസിന്റെ സ്ഥാനം നിലവിലുള്ള അസോസിയേഷന്റെ കാലാവധി വരെ മാത്രമാണെന്നു വ്യക്തമാക്കിയിരുന്നു. എന്നാൽ 1980-ൽ സ്ഥാനത്തെത്തിയ പി. സി. ഏബ്രഹാം തുടരുകയും മൂന്നു വർഷം മാത്രമായ വൈദികട്രസ്റ്റി പുറത്താവുകയും ചെയ്യുന്നത് അനീതിയാണെന്നു വർക്കിംഗ് കമ്മറ്റി അംഗങ്ങൾ ചൂണ്ടിക്കാട്ടി. തുടർന്നു നടന്ന ചർച്ചകൾക്കൊടുവിലാണ് രണ്ടു ട്രസ്റ്റിമാരേയും പുതുതായി തെരഞ്ഞെടുക്കാൻ തീരുമാനിച്ചത്.

# അൽമായവേദി പ്രസിദ്ധീകരണവിഭാഗം പ. കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്തു

അൽമായവേദിയുടെ പ്രസിദ്ധീകരണവിഭാഗമായ അൽമായവേദി പബ്ലിക്കേഷൻസിന്റെ ഉദ്ഘാടനവും ആദ്യത്തെ പുസ്തകത്തിന്റെ പ്രകാശനവും പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാബാവാ നിർവഹിച്ചു. ദേവലോകം അരമനയിൽ നടന്ന ലളിതമായ ചടങ്ങിൽ അൽമായവേദി സെക്രട്ടറിയേറ്റ് അംഗങ്ങളും ദേവലോകം അരമന മാനേജർ ഫാ. കെ. സഖറിയാ തുടങ്ങിയവരും സംബന്ധിച്ചു.

അൽമായവേദി പബ്ലിക്കേഷൻസിന്റെ ആദ്യപുസ്തകമായ *നസ്രാണി പഠനങ്ങൾ* (ഭാഗം 1) ആണ് പ. ബാവാ തിരുമേനി പ്രകാശിപ്പിച്ചത്. ആദ്യത്തെ കോപ്പി ബാവാ തിരുമനസ്സിൽ നിന്നും ശ്രീ. ജേക്കബ് കുര്യൻ മൈലാങ്കൽ സ്വീകരിച്ചു. അൽമായവേദിയുടെ പുതിയ സംരംഭത്തിൽ പ. ബാവാ സന്തുഷ്ടി പ്രകടിപ്പിക്കുകയും സംരംഭത്തെയും അൽമായവേദി പ്രവർത്തകരെ ഓരോരുത്തരേയും വ്യക്തിപരമായി അനുഗ്രഹിക്കുകയും ചെയ്തു. കൂടുതൽ പുസ്തകങ്ങൾ ആവശ്യമായ ഗവേഷണപഠനങ്ങളോടെ പ്രസിദ്ധീകരിക്കുവാൻ വേദി പ്രവർത്തകരെ ബാവാ തിരുമേനി പ്രബോധിപ്പിച്ചു.

*നസ്രാണി പഠനങ്ങൾ* (ഭാഗം 1) ന്റെ ഗ്രന്ഥകർത്താവ് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ സെക്രട്ടറിയേറ്റ് മെമ്പറും മുൻനിര നേതാക്കളിലൊരാളുമായ എം. കുര്യൻ തോമസാണ്. അദ്ദേഹം വിവിധ സഭാ സംബന്ധിയായ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ എഴുതിയ ലേഖനങ്ങളുടെ സമാഹാരമാണ് *നസ്രാണി പഠനങ്ങൾ.* ഈ ഗ്രന്ഥത്തിന്റെ മറ്റു ഭാഗങ്ങളും ഉടൻതന്നെ അൽമായവേദി പ്രസിദ്ധീകരിക്കും. മറ്റു പല ഗൗരവമേറിയ പഠനങ്ങളും പണിപ്പുരയിലാണ്.

ചടങ്ങിൽ ഫീലിപ്പോസ് പൊട്ടയ്ക്കാവയലിൽ സ്വാഗതവും ജനറൽ സെക്രട്ടറി തോമസ് ചാണ്ടി കൃതജ്ഞതയും പ്രകാശിപ്പിച്ചു.

# ബില്യനയർ പട്ടികയിൽ രണ്ട് മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങൾ

ഫോർച്ച്യൂൺ മാസിക പ്രസിദ്ധപ്പെടുത്തുന്ന ശതകോടിയിലേറെ ആസ്തിമൂല്യമുള്ള ഇന്ത്യാക്കാരുടെ പട്ടികയിൽ രണ്ട് മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളും ഇടം കണ്ടെത്തിയിരിക്കുന്നു. അബാൻ ഗ്രൂപ്പിന്റെ ഇപ്പോഴത്തെ സാരഥി റജി ഏബ്രഹാമും, എം. ആർ. എഫ്. ഗ്രൂപ്പ് ചെയർമാൻ കെ. എം. മാമ്മൻ മാപ്പിളയുമാണ് ഇവർ. ഇരുവരും മദ്രാസ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ അംഗങ്ങളാണ്.

റജി ഏബ്രഹാമിന്റെ പിതാവ് പരേതനായ എം. എ. ഏബ്രഹാം മദ്രാസ് ഭദ്രാസനത്തിൽ നിന്നും മലങ്കരസഭാ മാനേജിംഗ് കമ്മറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗമായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തെത്തുടർന്ന് റജി ഏബ്രഹാം ആ സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ടു. കുടുംബത്തിന്റെ പ്രശസ്തിയോ ബന്ധുബലമോ ഇല്ലാതെ സ്വന്തം കർമ്മശേഷിയും ദൈവാശ്രയവും മൂലം കഠിനാദ്ധ്വാനത്തിലൂടെ ഉയർന്നുവന്ന വ്യക്തിയാണ് എം. എ. ഏബ്രഹാം. സഭയുടെ കാര്യങ്ങളിൽ സജീവമായ താല്പര്യമെടുത്തിരുന്ന അദ്ദേഹം മദ്രാസ് സെന്റ് തോമസ് കോളജ് ഓഫ് ആർട്സ് ആൻ സയൻസിന്റെ സ്ഥാപക ട്രസ്റ്റിമാരിലൊരാളായിരുന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ പുത്രൻ റജി ആ സ്ഥാനത്ത് തുടരുന്നു. മദ്രാസിലെ സാമൂഹ്യപ്രസ്ഥാനങ്ങൾ പലതിലും സജീവ സാന്നിദ്ധ്യമായിരുന്ന അദ്ദേഹം സമൂഹത്തിലെ എല്ലാ ശ്രേണിയിൽ പെട്ടവരുമായും ബന്ധങ്ങൾ പുലർത്തിയിരുന്നു. മദ്രാസ് മെഡിക്കൽ മിഷൻ, സെന്റ് തോമസ് ഓർഫനേജ് മുതലായ ഓർത്തഡോക്സ് സഭാംഗങ്ങൾ നടത്തുന്ന പ്രസ്ഥാനങ്ങളോട് അടുപ്പം പുലർത്തിയിരുന്നു. പ്രയാസത്തിലിരിക്കുന്ന പലരേയും വലതുകൈ ചെയ്യുന്നത് ഇടതു കൈയറിയാതെ സഹായിച്ചിരുന്നു.

മലങ്കരസഭയുടെ എക്കാലത്തെയും അഭിമാനഭാജനമായ കെ. സി. മാമ്മൻ മാപ്പിളയുടെ പുത്രനായ കെ. എം. മാമ്മൻ മാപ്പിള വിദ്യാർത്ഥി ജീവിതം മുതൽ ചെന്നൈ പട്ടണം പ്രവർത്തനരംഗമാക്കിയ വ്യക്തിയാണ്. ബലൂൺ നിർമ്മിക്കുന്ന ചെറിയൊരു ഫാക്ടറിയുമായി ആരംഭിച്ച് ഇന്ത്യയിലെ വലിയ കമ്പനികളിലൊന്നായി എം. ആർ. എഫിനെ വളർത്തിയത് ഒരു വലിയ ബിസിനസ്സ് വീരഗാഥ തന്നെയാണ്. മദ്രാസ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, മദ്രാസ് ക്രിസ്ത്യൻ കോളജ് എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ പത്നി സെന്റ് തോമസ് കോളജ് ഓഫ് ആർട്സ് ആന്റ് സയൻസ് എന്ന ചെന്നൈ കത്തീഡ്രൽ ഇടവകയുടെ കോളജിന്റെ സ്ഥാപകട്രസ്റ്റിമാരിലൊരാളായിരുന്നു. എം. ആർ. എഫ്. എന്ന സ്ഥാപനത്തിലൂടെ അനവധി ഓർത്തഡോക്സുകാർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. പല വൈദികർക്കും ഉദാരമായ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

## ഫാ. ഡോ. കെ. എം. ജോർജിനെക്കുറിച്ച് വെബ്സൈറ്റ്

കോട്ടയം: ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പലും ചിന്തകനും വേദശാസ്ത്രജ്ഞനും കവിയും ചിത്രകാരനുമായ ഫാ. ഡോ. കെ. എം. ജോർജ്ജിന്റെ 60–ാം ജന്മദിനത്തിൽ അദ്ദേഹത്തിന്റെ സ്നേഹിതരുടെയും ശിഷ്യന്മാരുടെയും സമ്മാനമായി അദ്ദേഹത്തെക്കുറിച്ചുള്ള വെബ്സൈറ്റ് സമർപ്പിക്കപ്പെട്ടു. www.frkmgeorge.info എന്നതാണ് വെബ്സൈറ്റിന്റെ വിലാസം. അച്ചന്റെ രചനകൾ സൈറ്റിൽ ലഭ്യമാക്കുവാൻ ശ്രമിച്ചുവരുന്നു.




## സമ്പൂർണ്ണ മലയാള രചനകൾ വാല്യം 1

## സ്നേഹം, സ്വാതന്ത്ര്യം, പുതിയ മാനവികത

**ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**

ദർശനത്തിന്റെ പൂക്കൾ, സ്നേഹത്തിന്റെ സ്വാതന്ത്ര്യം: ഒരു മഹാ രഹസ്യം (ആത്മകഥ), സ്വാതന്ത്ര്യദീപ്തി, യീഹൂദായുടെ സിംഹത്തോടൊപ്പം, മതനിരപേക്ഷത – ഒരു സംവാദം, പാശ്ചാത്യ പ്രബുദ്ധതയും ആധുനികോത്തരതയും എന്നീ 6 ഗ്രന്ഥങ്ങളും 21 പ്രഭാഷണങ്ങളും 17 ലേഖനങ്ങളും. 672 പേജുകൾ. വില: 300 രൂപ (ഇന്ത്യയിൽ) സൗജന്യ വില: 200 രൂപ (ഡിസംബർ 31 വരെ) വിദേശത്തേക്ക്: $ 10. രജിസ്റ്റേർഡ് പോസ്റ്റേജ് സൗജന്യം. പുസ്തകം തപാലിൽ ലഭിക്കുവാൻ പണം എം. ഒ/ ഡ്രാഫ്റ്റ് ആയി അയക്കുക. സോഫിയാ പ്രിന്റ് ഹൗസ്, തെക്കേനട, കോട്ടയം – 686001 ഫോൺ: 91 481 3255054, 99471 20697


**Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi,**
**PB No. 652, Kottayam - 686 001 Phone: 93497 54448 Editor: Philipose Pottakkavayalil**